**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. ഹരിത വി. കുമാർ, ഐ.എ.എസ് )

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - യു. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സ.ഉ.(കൈ) നം. 24/2017/സാ.നീ.വ. തീയതി 30.06.2017
2. G. O (P) No. 27/2021/Fin Dated 10/02/2021
3. വനിത ശിശു വികസന ഡയറക്ടറുടെ 16.02.2021 ലെ WCD/E4/3585/21 നമ്പർ ഉത്തരവ്.
4. വനിത ശിശു വികസന ഡയറക്ടറുടെ 16/07/2021 ലെ WCD-E8/12535/20 നമ്പർ ഉത്തരവ്.
5. വനിത ശിശു വികസന ഡയറക്ടറുടെ 04/07/2023 ലെ DWCD/1971/2023-E8 നമ്പർ ഉത്തരവ്.
6. വനിത ശിശു വികസന ഡയറക്ടറുടെ 27/08/2024 ലെ DWCD/4351/2024-E3(1) നമ്പർ ഉത്തരവ്.
7. വനിത ശിശു വികസന ഡയറക്ടറുടെ 02/12/2024 ലെ DWCD/6056/2024-E8 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ. DWCD/4351/2024-E3(1) തീയതി: 08-01-2025**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകൃതമായതിനെ തുടർന്ന് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത് 117 ആയി നിശ്ചയിച്ചിട്ടുണ്ട്. പരാമർശം (2)ലെ പതിനൊന്നാം ശമ്പള കമ്മീഷൻ ഉത്തരവ് അനുസരിച്ച് വകുപ്പിലെ 117 ടൈപ്പിസ്റ്റ് തസ്തിക 1 : 1 : 1 : 1 അനുപാതത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ സംസ്ഥാന അടിസ്ഥാനത്തിലും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക ജില്ലാ അടിസ്ഥാനത്തിലും, ക്രമീകരിച്ച് പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 29 തസ്തികകളും, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 29 തസ്തികകളും, യു.ഡി ടൈപ്പിസ്റ്റിന്റെ 29 തസ്തികകളും, എൽ.ഡി ടൈപ്പിസ്റ്റിന്റെ 30 തസ്തികകളുമാണ് വകുപ്പിൽ നിലവിലുള്ളത്.

പരാമർശം (5) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ക്രമ നം. 5 വരെയുള്ള ജീവനക്കാർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കും, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ക്രമ നം. 11 വരെയുള്ള ജീവനക്കാർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കും, പരാമർശം(6) പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ 26 ജീവനക്കാരാണുള്ളത്. സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പരാമർശം (6) പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചതു മുഖേന യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ 5 ഒഴിവുകളുണ്ടായിരുന്നെങ്കിലും പരാമർശം (4) പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ മുൻഗണനാപട്ടികയിൽ രണ്ടു ജീവനക്കാർ (ക്രമ നം. 36, 37) മാത്രം അവശേഷിച്ചതിനാൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് 01/06/2024 തീയതി പ്രാബല്യത്തിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിൽ പരാമർശം(4) പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാ പട്ടികയിൽ ശേഷിച്ച രണ്ട് (ക്രമ നം. 36, 37) ജീവനക്കാർക്ക് യു. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം(7) പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാ പട്ടികയിലെ 1 മുതൽ 3 വരെയുള്ള ചുവടെപ്പറയുന്ന ജീവനക്കാർക്ക് 35600-900-38300-1000-42300-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-70000-1800-75400 രൂപ ശമ്പള സ്കെയിലിൽ യു.ഡി.

ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ ഉദ്യോഗക്കയറ്റം അനുവദിച്ചും അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റേഷ്യോ പ്രൊമോഷൻ/ഉദ്യോഗകയറ്റം : യു. ഡി. ടൈപ്പിസ്റ്റ്**

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, നിലവിലെ കാര്യാലയം | സീനിയോറിറ്റി ക്രമ നം. | യു.ഡി. ടൈപ്പിസ്റ്റായി റേഷ്യോ പ്രൊമോഷൻ നൽകി നിയമിക്കുന്ന കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1. | ശ്രീമതി സറീന കെ. എസ്.<br>PEN: 613402<br>ക്ലാർക്ക്-ടൈപ്പിസ്റ്റ്<br><br>ഐ.സി.ഡി.എസ്.<br>മാവേലിക്കര | 1 | **യു.ഡി. ടൈപ്പിസ്റ്റ്,<br>ഐ.സി.ഡി.എസ്.<br>മുളന്തുരുത്തി അഡീഷണൽ**<br>(ശ്രീമതി സുജാത കെ.-യ്ക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചതിൻ പ്രകാരമുള്ള ഒഴിവ് ) | 01/06/2024 |
| 2. | ശ്രീ. അലി എ.<br>PEN: 799293<br>ക്ലാർക്ക്-ടൈപ്പിസ്റ്റ്<br><br>ഐ.സി.ഡി.എസ്.<br>ചിറ്റൂർ അഡീഷണൽ | 2 | **യു.ഡി. ടൈപ്പിസ്റ്റ്,<br>ഐ.സി.ഡി.എസ്.<br>തൃത്താല അഡീഷണൽ**<br>(ശ്രീമതി ശ്രീദേവി ജി. പി.ക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചതിൻ പ്രകാരമുള്ള ഒഴിവ് ) | 01/06/2024 |
| 3. | ശ്രീമതി സന്ധ്യകുമാരി വി. വി.<br>ക്ലാർക്ക്-ടൈപ്പിസ്റ്റ്<br>PEN: 801111<br>ഐ.സി.ഡി.എസ്.<br>മാടപ്പള്ളി അഡീഷണൽ | 3 | **യു.ഡി. ടൈപ്പിസ്റ്റ്,<br>ഐ.സി.ഡി.എസ്.<br>അഴുത അഡീഷണൽ**<br>ശ്രീ. ബൈജു വൈ. ദാസിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചതിൻ പ്രകാരമുള്ള ഒഴിവ് ) | 01/06/2024 |

റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അർഹത വിധേയമായി മാത്രം KSR ഭാഗം 1 ചട്ടം 28A പ്രകാരം ശമ്പളം നിർണ്ണയിച്ച് ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേഷ്യോ പ്രൊമോഷനിലൂടെ സ്ഥാന കയറ്റം ലഭിച്ചതും ശമ്പള നിർണ്ണയം സംബന്ധിച്ചുള്ളതുമായ രേഖപ്പെടുത്തലുകൾ ജീവനക്കാരുടെ സേവന പുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ വരുത്തേണ്ടതാണ്.

ഹരിത വി. കുമാർ, ഐ.എ.എസ്.
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്: 1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർ/ജില്ലാ പ്രോഗ്രാം ഓഫീസർ
2) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3) സൂപ്രണ്ട്, IT Cell (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Suresh

സൂപ്രണ്ട്